# KOLLAM CITY POLICE

https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 27/ 02/ 2021

## ചാരായം വാറ്റുന്നതിനിടയിൽ യുവാവ് പോലീസ് പിടിയിൽ

കൊല്ലം : തൃക്കരുവാ വില്ലേജിൽ പ്രാക്കുളം എന്ന സ്ഥലത്ത് നിന്നും ചാരായം വാറ്റുന്നതിനിടെ യുവാവിനെ പോലീസ് പിടികൂടി. പ്രാക്കുളം ചൂനാട്ട് കിഴക്കതിൽ വീട്ടിൽ അടുക്കളയോട് ചേർന്നുള്ള ചായ്പ്പിൽ അരകല്ല് സ്ഥാപിക്കുന്നതിനായി നിർമ്മിച്ച സ്ലാബിന് അടിവശം ഗ്യാസ് സ്റ്റൗവിൽ വച്ച് കലത്തിൽ ചാരയം വാറ്റി കൊണ്ടിരുന്ന ചൂനാട്ട് കിഴക്കതിൽ വീട്ടിൽ ഗോപിനാഥൻ പിള്ള മകൻ വസന്തകുമാറാണ്(46) പോലീസ് പിടിയിലായത്. ഇയാളുടെ കൈവശം നിന്നും ഉദ്ദേശം പത്ത് ലിറ്ററോളം കോടയും വാറ്റുപകരണങ്ങളും ഗ്യാസ് സ്റ്റൗവും പോലീസ് പിടിച്ചെടുത്തു. പ്രദേശത്ത് അനധികൃതമായി ചാരായം വാറ്റും വിൽപ്പനയും നടക്കുന്നതായി പോലീസിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ റെയ്ഡിലാണ് പ്രതി പിടിയിലായത്. പ്രതിക്കെതിരെ അബ്കാരി നിയമ പ്രകാരം അഞ്ചാലുംമ്മൂട് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. അഞ്ചാലുമ്മൂട് ഇൻസ്പെക്ടർ ബിനുവിന്റെ നേതൃത്വത്തിൽ എസ്സ്.ഐ ശ്രീലാൽ ചന്ദ്രശേഖരൻ, ജൂനിയർ എസ്സ്.ഐമാരായ ഷാൻ.എസ്സ്.എസ്സ്, വിനോദ്.ജി, എ.എസ്സ്.ഐ ഓമനക്കുട്ടൻ.കെ, രാജേഷ്കുമാർ, ബാബുക്കുട്ടൻ എന്നിവരടങ്ങിയ സംഘമാണ് കോടയും വാറ്റുപകരണങ്ങളും കണ്ടെടുത്ത് പ്രതിയെ അറസ്റ്റ് ചെയ്തത്. അനഃധികൃത മദ്യ വിൽപ്പന, വാറ്റ്, മയക്ക് മരുന്ന് വ്യാപാരം എന്നിവ സംബന്ധിച്ചുള്ള രഹസ്യ വിവരങ്ങൾ പൊതുജനങ്ങൾ പോലീസിന് കൈമാറാണമെന്നും ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിലുള്ള 1090 എന്ന ടോൾ ഫ്രീ നമ്പരിൽ രഹസ്യ വിവരങ്ങൾ അറിയക്കണമെന്നും ജില്ലാ പോലീസ് മേധാവി നാരായണൻ. ടി ഐ.പി.എസ്സ് അറിയിക്കുന്നു.